

കോട്ടയത്തമ്മ നാനാർഥങ്ങൾ

ഫാ. ഡോ. കെ.എം. ജോർജ്

"സാക്ഷരതയും സംസ്കാരവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?" ചോദിക്കുന്നത് സാക്ഷാൽ കാനായി കുഞ്ഞിരാമൻ. സമ്പൂർണസാക്ഷരത കൈവരിച്ച കോട്ടയം ജില്ലയിൽ, 'അക്ഷരനഗരി' എന്ന സ്വയം പേരെടുത്ത കോട്ടയം പട്ടണത്തിൽ താൻ നിർമ്മിച്ചുകൊണ്ടിരിക്കുന്ന മുപ്പതടി ഉയരമുള്ള അക്ഷര ശില്പത്തിന്റെ തണലിൽ നിന്നുകൊണ്ടാണ് പ്രശസ്ത ശില്പി കാനായി അക്ഷരത്തിന്റെ അപനിർമാണത്തിനൊരുമ്പിടുന്നത്. കോട്ടയം പബ്ലിക് ലൈബ്രറിയുടെ മുൻപിൽ ഉയരുന്ന കാനായി ശില്പസമുച്ചയത്തിനു ചുറ്റും മിക്കവാറും സായാഹ്നങ്ങളിൽ സഹൃദയരും അന്വേഷകരുമായ ഒരു ചെറുസംഘം ശില്പിയോടൊപ്പം വെടിവട്ടത്തിനു കൂടാറുണ്ട്. കലയും സംസ്കാരവുമാണ് പൊതു വിഷയം.

കാനായി ശില്പിക്ക് അക്ഷരം അമ്മയാണ്. തന്റെ ശില്പം വാനോളം ഉയരുന്ന പ്രൗഢാംഗനയായ അമ്മയാണ്. തലകുനിച്ച്, വാത്സല്യം ചൊരിഞ്ഞ്, കുഞ്ഞുങ്ങൾക്ക് തണലും ഉൾവെളിച്ചവുമേകുന്ന അമ്മയുമാണ്.

കോട്ടയത്തുകാർക്ക് ഈ കലയിലൊക്കെ കണ്ണുപിടിക്കുമോ എന്ന് പലരും തുടക്കത്തിൽ കാനായിയോടു ചോദിച്ചിരുന്നു. പക്ഷേ, കാനായിക്ക് കോട്ടയത്തുകാരെ വളരെ ഇഷ്ടമാണ്. മറ്റൊരിടത്തും തന്റെ പ്രവർത്തനത്തിന് തുടക്കം മുതലേ ഇത്രയും സ്വീകരണം ലഭിച്ചിട്ടില്ല എന്നാണു ശില്പിയുടെ പക്ഷം.

അക്ഷരശില്പമായ അമ്മയുടെ മുഖം രൂപപ്പെടുന്നതിനു വളരെ മുമ്പു മടിത്തട്ട് ഒരുങ്ങിക്കഴിഞ്ഞിരുന്നു. ഉടുപുടവയുടെ ഞൊറികൾ തരംഗങ്ങൾപോലെ അടയാളമിടുന്ന അതിവിശാലമായ മടിത്തട്ട്. ഒന്നര വർഷം മുമ്പ് ശില്പം ഉരുത്തിരിഞ്ഞു തുടങ്ങുമ്പോൾത്തന്നെ, അച്ഛനോടൊപ്പം കാഴ്ചക്കാരിയായിവന്ന ഒരു രണ്ടരവയസുകാരി അവിടെ കയറി നൃത്തച്ചുവടുകൾ വയ്ക്കുന്നതു കണ്ടു. വേദിയിലേക്കു തിരിച്ചുവച്ച വർണവിളക്കുപോലെ സായന്തന സൂര്യൻ അവളുടെ ഉടുപ്പിലും മുഖത്തും അരുണിമ കലർത്തിക്കൊണ്ടിരുന്നു. അമ്മയുടെ മടിത്തട്ട് അവൾക്ക് നൃത്തവേദിയായി. അവളുടെ കൊച്ചു ലോകത്തിൽ അമ്മയാണു പ്രകൃതിയും പ്രപഞ്ചവും. ഒരു കൊച്ചുകുഞ്ഞ് ഉല്ലാസത്തോടെ നൃത്തം ചെയ്യുന്ന ഏതിടവും ശുഭസ്ഥലിയായി നാം കരുതണം. ജീവന്റെ കുരുന്നുകൾക്ക് സുരക്ഷയും സന്തോഷവും ലഭിക്കുന്ന ലോകമാണല്ലോ സാക്ഷരതയുടെയും സംസ്കാരത്തിന്റെയും ഇടം. കാനായി ശില്പങ്ങൾ ഉരുത്തിരിയുന്നത് പ്രകൃതിയിൽനിന്നാണ്. അടച്ചുകെട്ടി ബന്ധവസാക്കിയ മ്യൂസിയങ്ങളിൽ ബുള്ളറ്റ് പ്രൂഫ് കണ്ണാടിക്കൂട്ടിൽ വയ്ക്കുന്ന വിഗ്രഹങ്ങളല്ല അവ. "കോട്ടയത്തമ്മ" എന്നറിയപ്പെട്ടു തുടങ്ങിയ അക്ഷരശില്പം, അതിന്റെ വശങ്ങളിൽ നിൽക്കുന്ന മരങ്ങളോടൊപ്പം മണ്ണിൽനിന്നാണ് ഉയർന്നു വരുന്നത്. ഒരിക്കൽ ചെളിയും മുള്ളും ജീർണിച്ച ഇലകളുമായി കിടന്ന ഒരുതുണ്ടു ഭൂമി ലാൻഡ്സ്കേപ്പ് ചെയ്തു കഴിഞ്ഞപ്പോൾ അത് അമ്മയുടെ മടിത്തട്ടിന്റെ തുടർച്ചയായി.

പച്ചപ്പുല്ലിന്റെ ആർദ്രതയിൽ ഞൊറികളും നിമ്നോന്നതികളും. കുട്ടികൾക്ക് അവിടെ സുരക്ഷിതമായി ഉരുണ്ടുകളിക്കാം. അക്ഷരശില്പത്തിന്റെ മടിയിൽനിന്ന് ഊർന്നിറങ്ങിയാൽ പ്രകൃതിയുടെ മടിയിലേക്ക്. അവിടെനിന്ന് ഓടിക്കയറുന്നത് അമ്മയുടെ മടിയിലേക്ക്. ഇതാണ് യഥാർത്ഥ സാക്ഷരത. അക്ഷരവിദ്യയെ പ്രകൃതിയിൽനിന്നു ബഹുദൂരം അകറ്റി, അർത്ഥമില്ലാത്ത അർത്ഥത്തിനുവേണ്ടിയുള്ള ആർത്തിക്ക് അടിമയാക്കുന്ന നമ്മുടെ പുതിയ സംസ്കാരത്തെയാവും സാത്വികനായ ശില്പി ഇവിടെ പരോക്ഷമായി വിമർശിക്കുന്നത്.

മാതൃവാത്സല്യത്തിന്റെ അമൃതകുംഭങ്ങൾക്കിടയിൽ ശിരസമർത്തിനിന്ന് അക്ഷരം പഠിക്കുന്ന ഇളയകുട്ടിയെ ശ്രദ്ധിക്കണം. അവന്റെ തലയ്ക്കുള്ളിൽ മസ്തിഷ്ക കോശങ്ങളുടെ സങ്കീർണമായ വലരൂപപ്പെട്ടുവരുന്നതേയുള്ളൂ. പ്രകൃതിയായ അമ്മതന്നെ അവന്റെ തലച്ചോറിൽ അക്ഷരം കോറണം, അനാദിയായി, ഗുരുപരമ്പരകളിലൂടെ ഒഴുകിവന്ന, സാത്വികമായ സകല ഊർജവും സംവഹിച്ചുകൊണ്ട്. അല്ലെങ്കിൽ അവന്റെ ന്യൂറോൺ കോശങ്ങൾ വികലമാവും. മനുഷ്യജീവനെയും അതിന്റെ ജൈവാവരണങ്ങളെയും നശിപ്പിക്കുന്ന വികടസരസ്വതിയായി അവന്റെ വിദ്യ മാറിയെന്നുവരാം.

അക്ഷരശില്പത്തിനു ചുറ്റും വേറെയുമുണ്ട് ശില്പങ്ങൾ. അതൊന്നും ഒറ്റപ്പെട്ടവയല്ല. ഉളികൊണ്ട്

കൊത്തിയും കൈകൊണ്ട് തടവിയും സ്നേഹം കൊണ്ട് ഉഴിഞ്ഞും കാനായി തന്റെ മുഖ്യ ശില്പം പൂർത്തിയാക്കവേ സമാന്തരമായി ഉരുത്തിരിഞ്ഞു വന്നതാണ് അവയെല്ലാം. സാധാരണ ദൃഷ്ടാവിന് അദൃശ്യമായ ഏതോ ബാന്ധവത്തിന്റെ ഇഴകളാൽ അവയെല്ലാം കൊരുക്കപ്പെട്ടിരിക്കുന്നു. അവയിലൊന്നാണ് ഫവനരോദനംത്സ എന്നു പേരിട്ട പക്ഷി. ചിറകുവിടർത്തി, ചുണ്ടുപിളർത്തി അനന്താകാശത്തിലേക്ക് പറക്കാൻ വെമ്പുകയാണ് ആ കൊച്ചു പക്ഷി എന്നു ചിലർക്കു തോന്നും. പറക്കാനാവാതെ, കൂട്ടം തെറ്റി മണ്ണിൽപതിച്ചു കരയുന്ന പാവം പക്ഷിയെന്ന് മറ്റു ചിലർക്കു തോന്നാം. അസ്തിത്വത്തിന്റെ വന്യമായ ഏകാന്തതയിൽ അതീന്ദ്രയമായ സഹായം തേടി നിലവിളിക്കുന്ന മനുഷ്യാത്മാവിന്റെ നിലവിളിയുമാകാമത്. നോർവീജിയൻ ചിത്രകാരനായ എഡ്വർഡ് മുങ്കിന്റെ 'നിലവിളി' ക്കുന്ന മനുഷ്യരൂപവും ആധുനിക യൂറോപ്യൻ ശില്പിയായ ബാങ്ക്രൂസിയുടെ അനന്തതയ്ക്കായി വെമ്പൽകൊള്ളുന്ന സ്തൂപ രൂപങ്ങളും വലിയ ചിറകുകളുള്ള ഈ ഇത്തിരിപ്പക്ഷിയുടെ കണ്ണുകളിൽ മിന്നിമറയുന്നത് കാണാം.

ശില്പോദ്യാനത്തിനു സ്രോതസ്സായി സ്റ്റീലിൽ തീർത്ത സൂര്യബിംബമുണ്ട്. ഭൂമി അമ്മയും സൂര്യൻ പിതാവുമാണ് കാനായി ശില്പിക്ക്. ഉളിയും ചുറ്റികയുമായി, എരിപൊരിയാക്കുന്ന വെയിലിലും തട്ടുപലകയിൽ കൂളായിനിന്നു പണിയുന്ന കാനായിയെ കാണുമ്പോൾ താഴെ നിൽക്കുന്നവർക്ക് ചുട്ടുപൊള്ളും. പക്ഷേ, 'ഉയരങ്ങളിൽ വസിക്കുന്നവന്റെ തണലി'ലാണല്ലോ. ശില്പി നിൽക്കുന്നത്. ശൈത്യത്തിലല്ല, അത്യുഷ്മളതയിലാണ് സൃഷ്ടിയെല്ലാം നടക്കുന്നത്. അമ്മയുടെ പാദത്തിങ്കൽ ഒരു അക്ഷരമുറ്റവുമുണ്ട്. അവിടെയിരുന്ന്, ഗുരുക്കന്മാർക്ക് ഇനി സൂര്യവട്ടത്തിലൂടെ ഉദിച്ചുയരുന്ന ബാലസൂര്യനെ കണ്ട്, ബാലജനങ്ങളെ അക്ഷരപ്രപഞ്ചത്തിലേക്ക് ഉപനയിക്കാനാവും. മണ്ണിലെയും വിണ്ണിലെയും നിറങ്ങളെല്ലാം ചാലിച്ചു ചേർത്ത നിരവധി ഇരിപ്പിടങ്ങളുണ്ട്. പല പ്രതീകങ്ങളും പാറ്റേണുകളും അവയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ഓരോ ഇരിപ്പിടവും ഓരോ കാഴ്ചപ്പാടാണ്. അക്ഷരശില്പത്തിന്റെ ഓരോ കാഴ്ചയും ഓരോരോ മാനങ്ങളാണ്. ഇതു കലയുടെ സ്വാതന്ത്ര്യമാണ്. ശില്പിയായ കലാകാരൻ നമുക്കു നൽകുന്ന സമ്മാനമാണ്. കലാസൃഷ്ടിയുടെ കാഴ്ചയും ആസ്വാദനവും അച്ചിലിട്ട് വാർത്തതുപോലെയാവരുത് എന്നാകും ശില്പി ചിന്തിച്ചത്. ഓരോ പരിപ്രേഷവും ഓരോ വാതായനമായിത്തീരുമ്പോൾ എത്രയെത്ര പ്രപഞ്ചങ്ങളാണു കലാസൃഷ്ടി നമുക്കു മുൻപിൽ തുറക്കുന്നത്.

ശില്പത്തിന്റെ പണിക്കുറ തീർക്കുന്നതിനു മുൻപ് ഇതൊക്കെ എഴുതുന്നത് ക്ഷന്തവ്യമാണോ എന്നറിയില്ല. സാക്ഷരതയുടെയും സംസ്കാരത്തിന്റെയും നാനാർത്ഥങ്ങൾ തേടുന്നവർക്കെല്ലാം കാനായി കുഞ്ഞിരാമനെപ്പോലെ ക്രാന്തദർശികളായ കലാകാരന്മാരുടെ സാന്നിധ്യം അനുഗ്രഹമാണെന്നു മാത്രം പറഞ്ഞു നിർത്താം. □

KOTTAYAM PUBLIC LIBRARY

तमसो मा ज्योतिर्गमय

Estd. 1882

അക്ഷരശില്പം

Aksharashilpam

Historical studies

Photographs : Johny
Design Concept : Kurian Joseph
Technical Support : Girish
Printers : Computer Graphics, Kottayam

©Kottayam Public Library
Copies : 500